**മധുരമായ കുട്ടികളെ – മാതാപിതാവിന്റെ കുലത്തിലേക്ക് വരുന്നതിന് പൂർണ്ണമായും അനുകരിക്കൂ, ബാബയെ പോലെ മധുരമാകൂ, നല്ല രീതിയിൽ പഠിപ്പ് പഠിക്കൂ.**

**ചോദ്യം –** ഏതൊരു ഗുഹ്യവും രഹസ്യയുക്തവുമായ കാര്യങ്ങളെ മനസ്സിലാക്കാൻ വളരെ നല്ല ബുദ്ധി വേണം?

**ഉത്തരം –** ബ്രഹ്മാവും സരസ്വതിയും വാസ്തവത്തിൽ മാതാവും പിതാവുമല്ല, ബ്രഹ്മാവിന്റെ പുത്രിയാണ് സരസ്വതി, അവരും ബ്രഹ്മാകുമാരിയാണ്. ബ്രഹ്മാവ് തന്നെയാണ് നിങ്ങളുടെ വലിയ അമ്മ, പക്ഷെ പുരുഷനാണ് അതിനാൽ മാതാവ് എന്ന് ജഗദംബയെ വിളിക്കുന്നു. ഇത് വളരെ രഹസ്യയുക്തമായ കാര്യമാണ്, ഇത് മനസ്സിലാക്കുന്നതിന് വളരെ നല്ല ബുദ്ധി വേണം. സൂക്ഷ്മവതനവാസിയായ ബ്രഹ്മാവിനെ പ്രജാപിതാവ് എന്ന് പറയില്ല. ഇവിടെയാണ് പ്രജാപിതാവ് ഉള്ളത്. വ്യക്തത്തിൽ നിന്നും എപ്പോഴാണോ സമ്പൂർണ്ണ പവിത്രമാകുന്നത് അപ്പോൾ സമ്പൂർണ്ണ അവ്യക്ത രൂപത്തിൽ കാണപ്പെടും. അവിടെ ആംഗ്യ ഭാഷയാണ് ഉണ്ടാവുക. ദേവതകളുടെ സഭ ഉണ്ടാകുമല്ലോ. ഇതും മനസ്സിലാക്കാനുള്ള ഗുഹ്യമായ കാര്യമാണ്.

**ഗീതം –** മാതാ ഓ മാതാ........

**ഓം ശാന്തി**. കുട്ടികൾക്ക് അറിയാം ഇത് ഈശ്വരീയ വിശ്വവിദ്യാലയമാണ്. ആരാണ് പഠിപ്പിക്കുന്നത്? ഈശ്വരൻ. ഈശ്വരൻ ഒന്നേയുള്ളൂ, അതിനാൽ ബാബയുടെ ശാസ്ത്രവും ഒന്നായിരിക്കും. ഏതുപോലെയാണോ ധർമ്മ സ്ഥാപകൻ ഒന്നായിരിക്കുമ്പോൾ അവരുടെ ശാസ്ത്രവും ഒന്നായിരിക്കുന്നത്. പിന്നെ ധാരാളം ചെറുതും വലുതുമായ പുസ്തകങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്, എന്നാൽ ഒരു ശാസ്ത്രമാണ് ഉള്ളത്. അതിനാൽ ഇതാണ് ഗോഡ് ഫാദറിന്റെ വിശ്വവിദ്യാലയം. വാസ്തവത്തിൽ അച്ഛന്റെ വിശ്വവിദ്യാലയമൊന്നും ഉണ്ടാകില്ല, സർക്കാറിന്റേതായിരിക്കും വിശ്വവിദ്യാലയങ്ങൾ. ഇവിടെ നിങ്ങൾ കുട്ടികൾ മാതാ പിതാവിന്റെ വിശ്വവിദ്യാലയത്തിലാണ്. ആരാണ് മാതാവും പിതാവും? പിന്നെ പറയും ദേവി ദേവതാ എന്നും. പാടുന്നുമുണ്ട് അങ്ങ് മാതാവും പിതാവുമാണ്....... ആദ്യം അച്ഛനാണല്ലോ വരുന്നത്. ഭഗവാനുവാച. ഭഗവാനിരുന്ന് പഠിപ്പിക്കുകയാണ് അതോടൊപ്പം ലോകത്തിലാണെങ്കിൽ മനുഷ്യർ മനുഷ്യരെ പഠിപ്പിക്കുകയാണ് ചെയ്യുന്നത്. ഇവിടെ നിരാകാരനായ ബാബ നിങ്ങൾ ആത്മാക്കളെ പഠിപ്പിക്കുകയാണ്, ഈ വിചിത്രമായ കാര്യം മനുഷ്യർക്ക് സഹജമായി മനസ്സിലാക്കാൻ കഴിയില്ല. നിരാകാരനായ പരംപിതാ പരമാത്മാവ് ഗോഡ് ഫാദറാണ് നമ്മളെ പഠിപ്പിക്കുന്നത് ഇങ്ങനെ ആരും പറയുകയില്ല. ഇവിടെ നിങ്ങളെ പരംപിതാ പരമാത്മാവാണ് പഠിപ്പിക്കുന്നത്. ആരുടേയും ബുദ്ധിയിൽ ഈ കാര്യങ്ങൾ ഇരിക്കുന്നില്ല. പഠിക്കുന്നവരുടെ ബുദ്ധിയിലും ഉണ്ടാകില്ല, പഠിപ്പിച്ചു കൊടുക്കുന്നവരുടെ ബുദ്ധിയിലും ഉണ്ടാകില്ല. ഗോഡ് ഫാദറാണ് നിങ്ങളെ പഠിപ്പിക്കുന്നത് എന്നത് നിങ്ങൾക്ക് അറിയാം. ഉയർന്നതിലും ഉയർന്നതാണ് സർവ്വരുടേയും അച്ഛൻ അതല്ലാതെ വേറെ അച്ഛനില്ല. ബ്രഹ്മാവിന്റെ പോലും അച്ഛനാണ്. നിങ്ങളെ പഠിപ്പിക്കുന്നതും ബാബയാണ്, ബ്രഹ്മാവല്ല പഠിപ്പിക്കുന്നത്. നിരാകാരനായ ബാബയാണ് പഠിപ്പിക്കുന്നത്. മനുഷ്യർക്ക് അറിയാം – ബ്രഹ്മാ സരസ്വതി തന്നെയാണ് ആദവും ഹവ്വയുമെന്ന്. പക്ഷെ അവരെക്കാളും ഉയർന്നത് നിരാകാരനാണ്. അവരാണെങ്കിൽ സാകാരികളാണല്ലോ. നിങ്ങൾ കുട്ടികൾക്ക് അറിയാം നിരാകാരനാണ് നിങ്ങളെ പഠിപ്പിക്കുന്നത്. നിങ്ങൾക്ക് ജ്ഞാനം നൽകുന്നത് ഗോഡ് ഫാദറാണ്. പറയുകയാണ് നിങ്ങൾക്ക് ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞ് കൊണ്ട് ജ്ഞാനം പഠിക്കണം. വാസ്തവത്തിൽ ഗൃഹസ്ഥ വ്യവഹാരത്തിൽ ആരും പഠിക്കാറില്ല. പരിശ്രമിച്ച് ചിലർ രണ്ടാമതും പഠിക്കുന്നുണ്ടാകും. ഇവിടെ നിങ്ങൾക്ക് പൂർണ്ണമായ നിശ്ചയമുണ്ട് നമ്മളെ നിരാകാരനായ പരമാത്മാവാണ് പഠിപ്പിക്കുന്നത്. ഈ സാകാര മമ്മയും ബാബയും ശിവബാബയിൽ നിന്നാണ് പഠിച്ചത്. ഇത് വളരെ ഗുഹ്യമായ കാര്യമാണ്. ഏതുവരെ ബാബ വന്ന് മനസ്സിലാക്കി തരുന്നില്ലയോ അതുവരെ മനസ്സിലാകില്ല. നിങ്ങൾ സരസ്വതിയെ മമ്മ എന്ന് വിളിക്കുന്നുണ്ട് എന്നാൽ നിങ്ങൾക്ക് അറിയാം സരസ്വതി പോലും ബ്രഹ്മാവിന്റെ ദത്തെടുക്കപ്പെട്ട പുത്രിയാണ്. നിങ്ങളും ദത്തെടുക്കപ്പെട്ട കുട്ടികളാണ് പക്ഷെ നിങ്ങളെ മമ്മ എന്ന് വിളിക്കില്ല. ഇത് ദൈവീക പരിവാരമാണ്. അമ്മ, അച്ഛൻ, മുത്തച്ഛൻ, സഹോദരി–സഹോദരൻ, നിങ്ങൾ ബ്രഹ്മാകുമാരൻമാരും ബ്രഹ്മാകുമാരിമാരുമാണ്. ഇവിടെയുള്ള സരസ്വതിയും ബ്രഹ്മാകുമാരിയാണ്. പക്ഷെ ജഗദംബ എന്നാണ് വിളിക്കുന്നത് എന്തുകൊണ്ടെന്നാൽ ഈ ബ്രഹ്മാവ് പുരുഷനാണല്ലോ. മമ്മയെ പോലും ബ്രഹ്മാവിലൂടെയാണ് രചിച്ചത്. പക്ഷെ നിയമമനുസരിച്ച് മാതാവ് വേണമല്ലോ, അതുകൊണ്ടാണ് മമ്മയെ നിമിത്തമാക്കിയത്. ഇത് വളരെ സുന്ദരമായ കാര്യമാണ്. പുതിയവർക്ക് ഇതൊന്നും മനസ്സിലാകില്ല. ഏതുവരെ

അവർക്ക് ബാബയുടേയും രചനയുടേയും പരിചയം ഇല്ലാതിരിക്കുന്നോ അതുവരെ അവർക്ക് മനസ്സിലാക്കാൻ വളരെ ബുദ്ധിമുട്ടാണ്. അവർക്ക് മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കാനും കഴിയില്ല.

വേദ ശാസ്ത്രങ്ങൾ പഠിക്കുക, വൈദ്യം പഠിക്കുക, ഇതെല്ലാം മനുഷ്യരുടെ പഠിപ്പാണ്. മനുഷ്യർ മനുഷ്യരെ പഠിപ്പിക്കുകയാണ്, ഞാൻ ആത്മാവാണ്, ആത്മാക്കളെയാണ് ഞാൻ പഠിപ്പിക്കുന്നത് എന്നും ആരും പറയുകില്ല. ഇവിടെ നിങ്ങൾക്ക് ദേഹാഭിമാനിയിൽ നിന്നും ദേഹിഅഭിമാനിയായി മാറണം. ആദ്യത്തെ വികാരം ദേഹാഭിമാനമാണ്. ആരും ദേഹിഅഭിമാനിയല്ല. ആത്മാവും ശരീരവും വേറെ വേറെയാണ് എന്നെല്ലാം അറിയാം പക്ഷെ ആത്മാവ് എവിടെ നിന്നാണ് വരുന്നത്, ആത്മാവിന്റെ പിതാവ് ആരാണ്, ഇത് അറിയില്ല. ഇത് പുതിയ ലോകത്തിലേക്കുള്ള പുതിയ ജ്ഞാനമാണ്. ന്യൂ ഡൽഹി എന്നാണല്ലോ പറയാറുള്ളത്. പക്ഷെ പുതിയ ലോകത്തിൽ ഇതിന്റെ പേര് ന്യൂ ഡൽഹി എന്ന് ആയിരുന്നില്ല. ഇതിനെ സ്വർഗ്ഗം എന്ന് വിളിക്കും. ആദ്യമാദ്യം ഈ നിശ്ചയം ഉണ്ടായിരിക്കണം നമ്മൾ ഈശ്വരീയ സമ്പത്തിന്റെ അവകാശികളാണ്. ദൈവീക അവകാശികളും ആസുരീയ അവകാശികളും തമ്മിൽ രാത്രി പകലിന്റെ വ്യത്യാസമുണ്ട്. അവർ ഭ്രഷ്ടാചാരികളാണ്. നിങ്ങൾ ശ്രേഷ്ഠാചാരികളാണ്. പാടാറുണ്ട് അല്ലയോ പതിത പാവനാ വരൂ...വന്ന് ശ്രേഷ്ഠാചാരിയാക്കി മാറ്റൂ. ഗുരു നാനാക്കും പറഞ്ഞിട്ടുണ്ട് ഭഗവാൻ വന്ന് അഴുക്ക് പിടിച്ച വസ്ത്രങ്ങളെ കഴുകും. നിങ്ങൾ പൂജ്യരായിരുന്നു പിന്നീട് നിങ്ങൾ തന്റെ തന്നെ പൂജാരികളായി. ഇതെല്ലാം മനസ്സിലാക്കാനുള്ള രഹസ്യങ്ങളാണ്. സദാ പൂജ്യനായിരിക്കുന്നത് ഒരു പരംപിതാ പരമാത്മാവാണ്. ലക്ഷ്മി നാരായണനെ പോലും ബാബയാണ് പൂജ്യനാക്കിയത്. മമ്മ ബാബയെ ദത്തെടുത്ത് മാതാ പിതാവിനെയാണ് ആദ്യം സൃഷ്ടിച്ചത്. പതിതരെ പാവനമാക്കി മാറ്റുകയാണ്. പഴയ ലോകത്തെ പാവനമാക്കാൻ വന്നിരിക്കുകയാണ് അതിനാൽ ബ്രഹ്മാവിനെ മുകളിൽ കാണിച്ചിട്ടുണ്ട്. താഴെ തപസ്സ് ചെയ്യുന്നു. പതിതമായവരെയാണ് ദത്തെടുക്കുന്നത്. ബ്രഹ്മാ സരസ്വതിയുടെയും കുട്ടികളുടെയും പേരിനെ വരുത്തി. നിങ്ങൾക്ക് അറിയാം ബ്രഹ്മാ കുമാർ കുമാരിമാർ ദേവതകളാകാനുള്ള രാജയോഗത്തിന്റെ പഠിപ്പ് പഠിക്കുകയാണ്. ഇത് ഈശ്വരീയ കുലമാണ്, ഇവിടെ ഈശ്വരീയ സന്താനങ്ങളാണ് ഉണ്ടാകുന്നത്. ഇവിടെയുള്ളത് മനുഷ്യ കുലമാണ്. രുദ്ര മാല പോലും ആത്മാവിന്റെ കുലത്തിന്റേതാണ്, അപ്പോൾ മനുഷ്യരുടെ കുലം ഏതാണ്? ദേവതാ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ......ഇതാണ്. രചയിതാവിന്റേയും രചനയുടേയും ജ്ഞാനമാണ്, ഇത് നിങ്ങൾ കുട്ടികളാണ് കേൾക്കുന്നത്. പക്ഷെ നമ്പർവാർ ധാരണ ചെയ്യുന്നതിന്റെ കാരണത്താൽ രാജാവും റാണിയുമായി തീരുന്നു അതോടൊപ്പം ചിലർ പ്രജയുമായി തീരും. മമ്മാ ബാബയെ ഫോളോ ചെയ്യാനുള്ള പുരുഷാർത്ഥം ചെയ്യണം. വളരെ മധുരമായിരിക്കണം. മമ്മ വളരെ മധുരമാണ് അതുകൊണ്ടാണ് എല്ലാവരും ഓർമ്മിക്കുന്നത്. ഈ മമ്മയും ബാബയും കുട്ടികളേയും മധുരമാക്കി മാറ്റുന്നത് ശിവബാബയാണ്. മമ്മയും ബാബയും പിന്നെ നല്ല രീതിയിൽ പഠിക്കുന്ന കുട്ടിക ളുടെയും കുലമാണ്. അവർ വളരെ മധുരമായിരിക്കണം. സരസ്വതിയുടെ കൈയിൽ വീണ കാണിച്ചിട്ടുണ്ട്. കൃഷ്ണന്റെ കൈയിൽ ഓടക്കുഴലും കൊടുത്തിട്ടുണ്ട്, കേവലം പേരാണ് മാറ്റി എഴുതിയത്. ബാബ പറയുന്നു നല്ല രീതിയിൽ പഠിക്കണം. ഏതുപോലെയാണോ വിദ്യാർത്ഥികൾ പഠിക്കുമ്പോൾ അവരുടെ ബുദ്ധിയിൽ മുഴുവൻ ചരിത്രവും ഭൂമിശാസ്ത്രവും ഉണ്ടാകും, എങ്ങിനെയാണ് മുഹമ്മദ് ഗസ്നി വന്നത്, എങ്ങനെ കൊള്ളയടിച്ചു. മുസ്ലീങ്ങൾ അവിടെ യുദ്ധം നടത്തി. ഇസ്ലാം, ബുദ്ധ മത്തിലുള്ള ആരെല്ലാം വന്നിട്ടുണ്ടോ അവരുടെയെല്ലാം ചരിത്രം എല്ലാവർക്കും അറിയാം പക്ഷെ ഈ പരിധിയില്ലാത്ത ചരിത്രം ഭൂമിശാസ്ത്രവും ആർക്കും അറിയില്ല. പുതിയ ലോകം എങ്ങനെയാണ് പഴയതാകുന്നത്. എവിടെ നിന്നാണ് ഡ്രാമ ആരംഭിക്കുന്നത്. മൂലവതനം, സൂക്ഷ്മ വതനം, സ്ഥൂല വതനം. പിന്നെ ഈ ചക്രം കറങ്ങുന്നതിന്റെ പഠിപ്പ് നിങ്ങൾ പഠിക്കുകയാണ്. മൂല വതനത്തിൽ ആത്മാക്കളുടെ നിവാസ സ്ഥാനമാണ്. സൂക്ഷ്മ വതനത്തിൽ ബ്രഹ്മാ വിഷ്ണു ശങ്കരനാണ്, പാവനമായി മാറുന്ന ആത്മാക്കൾ അവർ എങ്ങനെയാണ് പതിതമാകുന്നത്, ഇതെല്ലാം മനസ്സിലാക്കി തന്നുകൊണ്ടിരിക്കുകയാണ്. സൂക്ഷ്മ വതനവാസി ബ്രഹ്മാവിനെ പ്രജാപിതാവ് എന്ന് പറയില്ല. പ്രജാപിതാവ് ഇവിടെയാണ് ഉണ്ടാവുക. നിങ്ങൾക്ക് സാക്ഷാത്കാരം ലഭിക്കുന്നുണ്ട് എപ്പോഴാണോ ഈ വ്യക്ത ബ്രഹ്മാവ് പവിത്രമായി മാറുന്നത് അപ്പോൾ അവിടെ സമ്പൂർണ്ണ അവ്യക്ത രൂപം കാണപ്പെടുന്നു. ഏതുപോലെ എന്നാൽ വെളുത്ത പ്രകാശത്തിന്റെ സൂക്ഷ്മ രൂപം പോലെ. വാർത്താ വിനിമയവും ആംഗ്യത്തിലായിരിക്കും. സൂക്ഷ്മ വതനം എന്താണ്, അവിടെ ആരാണ് പോകുന്നത്, ഇത് നിങ്ങൾക്കറിയാം. അവിടെ മമ്മയും ബാബയേയും കാണുന്നുണ്ട് അവിടെ ദേവതകളും വരുന്നുണ്ട്, സഭ കൂടാറുന്നുണ്ട്. എന്തുകൊണ്ടെന്നാൽ പതിത ലോകത്തിൽ ദേവതകൾക്ക് വരാൻ കഴിയില്ല അതിനാൽ സൂക്ഷ്മ വതനത്തിൽ കാണുന്നുണ്ട്. അച്ഛന്റെ വീട്ടുകാരുടെയും അമ്മായി അച്ഛന്റെ കുടുംബത്തിലു ള്ളവരുമായുള്ള മിലനമാണ് നടക്കുന്നത്, അല്ലെങ്കിൽ ബ്രഹ്മാവും ദേവതകളും എങ്ങനെ കാണും. ഇതാണ് കണ്ടുമുട്ടുന്നതിനുള്ള യുക്തി. സന്മുഖത്തിൽ സാക്ഷാത്കാരം ചെയ്യിക്കുന്നതും ബുദ്ധി കൊണ്ട് അറിയുന്നതാണ്, ഇത് ഡ്രാമയിൽ ഉള്ളതാണ്. ഏതുപോലെയാണോ മീരക്ക് വീട്ടിലിരിക്കുമ്പോൾ

വൈകുണ്ഠത്തിന്റെ സാക്ഷാത്കാരം കിട്ടുമായിരുന്നു. നൃത്തം ചെയ്യുമായിരുന്നു. ആരംഭത്തിൽ നിങ്ങളും ധാരാളം കണ്ടിട്ടുണ്ട്. രാജധാനി എങ്ങനെ നടക്കും, രീതികളും ആചാരങ്ങളും അറിയുമായിരുന്നു. ആ സമയത്ത് നിങ്ങൾ കുറച്ചു പേരാണ് ഉണ്ടാകുന്നത്. മറ്റുള്ളവർ ഇതെല്ലാം അവസാനം കാണും. ലോകത്തിലുള്ളവർ യുദ്ധം ചെയ്തും വഴക്ക് കൂടിക്കൊണ്ടുമിരിക്കും, നിങ്ങൾ സാക്ഷാത്കാരം ചെയ്യും. മനുഷ്യരാണെങ്കിൽ നിലവിളിക്കുകയാണ്, ചിലരുടെ ധനം മണ്ണിലേക്ക് പോകും......ഈ സമയം പ്രജ പ്രജയെ ഭരിക്കുന്ന സമയമാണ്. അവരുടെ പദവി എത്ര ഉയർന്നതാണ്. പക്ഷെ ഈ സമയത്ത് ആർക്കും പരമാത്മാവിനോടൊപ്പം ബുദ്ധിയോഗം ഇല്ലാത്തതിന്റെ കാരണത്താൽ ബാബയെ തിരിച്ചറിയുന്നില്ല. കന്യക എപ്പോഴാണോ ഒരു തവണ തന്റെ വരനെ കാണുന്നത് അപ്പോൾ സ്നേഹം വരുന്നു. തിരിച്ചറിഞ്ഞിട്ടില്ലെങ്കിൽ സ്നേഹം ഉണ്ടാകില്ല. നിങ്ങളിലും സ്നേഹം നമ്പർവാറാണ്. നിരന്തരം ഓർമ്മയിലൂടെ സ്നേഹം അഥവാ ബന്ധം ഉണ്ടാകുന്നു പക്ഷെ പ്രിയതമനെ മറക്കുന്നു. ബ്രഹ്മാ ബാബയും പറയുന്നു ഞാനും മറക്കുകയാണ്.

നിങ്ങൾ കുട്ടികൾക്ക് 5000 വർഷങ്ങൾക്ക് ശേഷം ഈ പഠിപ്പ് ലഭിക്കുകയാണ് അതായത് സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കൂ, പരമാത്മാവിനെ ഓർമ്മിക്കൂ. ഈ ഓർമ്മയിലൂടെ വികർമ്മം വിനാശമാകും. ഇപ്പോൾ വികർമ്മാജീത്താകണം. ആദ്യമാദ്യം ആരാണോ സത്യയുഗത്തിൽ വരുന്നത് അവരെ വികർമ്മാജീത്ത് എന്നാണ് പറയുക, പതിതരെ വികർമ്മം ചെയ്യുന്നവരെന്നും പാവനമായവരെ സുകർമ്മം ചെയ്യുന്നവരാണെന്ന് പറയുന്നു. സത്യയുഗത്തിൽ വികർമ്മാജീത്ത് രാജ്യം ഉണ്ടാകും. പിന്നീട് വികർമ്മത്തിന്റെ സംവത്സരം നടക്കും. 2500 വർഷം വികർമ്മാജീത്തായിരുന്നു. പിന്നീട് അവർ തന്നെ വികർമ്മം ചെയ്യുന്നവരായി. വികർമ്മാജീത്ത് രാജധാനിയിലേക്ക് വരുന്നതിന് നിങ്ങൾ പുരുഷാർത്ഥം ചെയ്യുകയാണ്. മോഹജീത്ത് രാജാവിന്റെ കഥയുണ്ട്. എപ്പോഴാണ് പതിത രാജ്യം ഉണ്ടാകുന്നത്, പാവനമായ രാജ്യം ഉണ്ടാകുന്നത്, ഇതെല്ലാം നിങ്ങൾക്കേ അറിയൂ. ശിവബാബ പാവനമാക്കി മാറ്റുന്നു. ബ്രഹ്മാവിന്റെ ചരിത്രമുണ്ട്. രാവണൻ പതിതമാക്കി മാറ്റുന്നു, ആ ചിത്രവുമുണ്ട്. നിങ്ങൾക്കറിയാം ഇപ്പോൾ തീർച്ചയായും രാവണന്റെ രാജ്യമാണ് നടക്കുന്നത് അതിനാൽ ഈ സൃഷ്ടി ചക്രത്തിന്റെ ചിത്രത്തിൽ എഴുതണം – ഇന്ന് ഭാരതം ഇതാണ്, നാളെ ഭാരതം ഇതായിരിക്കും. ആയി തീരും.

നിങ്ങൾക്കറിയാം ഇത് മൃത്യു ലോകമാണ്. ഇവിടെ അകാലമൃത്യു നടക്കുന്നു. അവിടെ അങ്ങനെ ഉണ്ടാകില്ല അതുകൊണ്ടാണ് അതിനെ അമരലോകം എന്ന് വിളിച്ചത്. രാമരാജ്യം സത്യയുഗത്തോടെ ആരംഭിക്കും. ദ്വാപരത്തോടെ രാവണരാജ്യം ആരംഭിക്കും. ഈ കാര്യങ്ങളെല്ലാം നിങ്ങൾ കുട്ടികൾക്ക് അറിയാം. മനുഷ്യരെല്ലാം കുംഭകർണ്ണ നിദ്രയിൽ ഉറങ്ങുകയാണ്. ഞാൻ കുട്ടികൾക്ക് എല്ലാ രഹസ്യവും മനസ്സിലാക്കി തരുന്നു. നിങ്ങൾ ബ്രഹ്മാ മുഖവംശാവലികളാണ്. നിങ്ങൾക്കാണ് മനസ്സിലാക്കി തരുന്നത്. ഇതിൽ ബ്രഹ്മാവും സരസ്വതിയും വരും. ഇതാണ് ജഗദംബ. മഹിമ വർദ്ധിപ്പിക്കുന്നതിനാണ് ഇത്രയും പാടിക്കൊണ്ടിരിക്കുന്നത്. വാസ്തവത്തിൽ ഏറ്റവും വലിയ അമ്മ ബ്രഹ്മാവ് തന്നെയാണ് എന്നാൽ ശരീരം പുരുഷന്റെയാണ് ഇത് വളരെ ഗുഹ്യമായ കാര്യമാണ്. ജഗദംബക്ക് തീർച്ചയായും ഒരു അമ്മ ഉണ്ടാവുക തന്നെ വേണം. ബ്രഹ്മാവിന്റെ പുത്രിയാണെങ്കിലും പിന്നെ സരസ്വതിയുടെ അമ്മ ആരാണ്. ആരിലൂടെ ഇവരെ രചിച്ചു? അതിനാൽ വലിയ അമ്മ ബ്രഹ്മാവാണ്. ഇവർ മുഖേന ആൺകുട്ടികളെയും പെൺകുട്ടികളേയും രചിക്കുന്നു. ഈ കാര്യങ്ങളെ മനസ്സിലാക്കാൻ വളരെ നല്ല ബുദ്ധി വേണം. കുമാരിമാർ വളരെ നല്ല രീതിയിൽ മനസ്സിലാക്കുന്നുണ്ട്. മമ്മയും കുമാരിയാണല്ലോ. എപ്പോഴാണോ ബ്രഹ്മചര്യം മുറിഞ്ഞു പോകുന്നത് അപ്പോൾ ധാരണ ഉണ്ടാകില്ല. ഗൃഹസ്ഥ ധർമ്മം സത്യയുഗത്തിൽ ഉണ്ടായിരുന്നു, പക്ഷെ അവരെ പാവനമായിരുന്നവർ എന്നാണ് പറഞ്ഞിരുന്നത്. ഇവിടെ പതിതരാണ് ഉള്ളത്. ശ്രീകൃഷ്ണന്റെ മഹിമയും പാടുന്നുണ്ട് സർവ്വഗുണ സമ്പന്നനാണ്, 16 കലാ സമ്പൂർണ്ണനാണ്.....ഇവിടെ അങ്ങനെയുള്ള മനുഷ്യരൊന്നുമില്ല. അവിടെ രാവണരാജ്യമില്ല. ദേഹഅഹങ്കാരത്തിന്റെ പേരു പോലും ഉണ്ടാകില്ല. ഈ പഴയ ശരീരത്തെ ഉപേക്ഷിച്ച് പുതിയതെടുക്കും എന്ന ജ്ഞാനം അവിടെ ഉണ്ടാകും. ആത്മാഭിമാനി ആയിരിക്കും. ഇവിടെയാണെങ്കിൽ ദേഹാഭിമാനിയാണ്. ഇപ്പോൾ നിങ്ങൾക്ക് പഠിപ്പ് നൽകുകയാണ്, സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കൂ. നിങ്ങൾ ഈ പഴയ ശരീരം ഉപേക്ഷിക്കും, തിരിച്ച് പോകും. പിന്നീട് പുതിയ ശരീരം പുതിയ ലോകത്തിൽ ലഭിക്കും. മനസ്സിലായോ. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) നിരന്തരമായി ഓർമ്മയിൽ കഴിയുന്നതിന് മനസ്സിന്റെ പ്രീതി ഒരു ബാബയിൽ വെക്കണം. പ്രിയതമനെ ഒരിക്കലും മറക്കരുത്.

2) വികർമ്മാജീത്ത് രാജധാനിയിലേക്ക് പോകുന്നതിന് വേണ്ടി മോഹജീത്താകണം, സുകർമ്മം ചെയ്യണം. ഒരു വികർമ്മവും ചെയ്യരുത്.

## വരദാനം:- തന്റെ സൂക്ഷ്മ പരിശോധനയിലൂടെ പാപങ്ങളുടെ ഭാരത്തെ സമാപ്തമാക്കുന്ന സമാനർ അഥവാ സമ്പന്നരായി ഭവിക്കട്ടെ.

അഥവാ ഏതെങ്കിലും അസത്യമോ വ്യർത്ഥമോ ആയ കാര്യം കാണുകയോ കേൾക്കുകയോ ചെയ്ത്, അതിനെ അന്തരീക്ഷത്തിൽ വ്യാപിപ്പിച്ചു, കേട്ടശേഷം മനസ്സിൽ ഒതുക്കിയില്ല എങ്കിൽ ഇത് വ്യർത്ഥകാര്യങ്ങളെ വ്യാപിപ്പിക്കലാണ്- ഇതും പാപത്തിന്റെ അംശമാണ്. ഈ ചെറിയ ചെറിയ പാപങ്ങൾ പറക്കുന്ന കലയുടെ അനുഭവത്തെ സമാപ്തമാക്കിക്കളയുന്നു. അങ്ങിനെയുള്ള പാപങ്ങൾ കേൾക്കുന്നവർക്കും പാപമുണ്ടാകും, മാത്രമല്ല കേൾപ്പിക്കുന്നവരിൽ അതിനേക്കാൾ പാപം കയറുന്നു. അതിനാൽ സൂക്ഷ്മ പരിശോധന നടത്തി അങ്ങനെയുള്ള പാപങ്ങളുടെ ഭാരത്തെ സമാപ്തമാക്കൂ അപ്പോൾ ബാബക്ക് സമാനം അഥവാ സമ്പന്നമായി മാറും.

## സ്ലോഗൻ:- ഒഴിവ് കഴിവ് പറച്ചിലിനെ ഉള്ളിലൊതുക്കൂ എങ്കിൽ പരിധിയില്ലാത്ത വൈരാഗ്യവൃത്തി പ്രകടമാകും.